(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദത്തെടുത്തിരുന്നു.

(ബി) ദത്തെടുക്കുമ്പോൾ വാഗ്ദാനങ്ങളൊന്നും നൽകിയിരുന്നില്ല. ജില്ലാകളക്ടറുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് പല ആനുകൂല്യങ്ങളും അനുവദിക്കുകയായിരുന്നു. ശ്രീജയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ സർക്കാർ വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ 67,500 രൂപ സാമ്പത്തിക സഹായം നല്കി. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1.25 ലക്ഷം രൂപയും ലഭിച്ചു. ഈ തുകകൾ ഫിക്സഡ് ഡിപ്പോസിറ്റായി ബാങ്കിലിട്ടിരുന്നു. 1.45 ലക്ഷം രൂപ ചെലവ് ചെയ്ത് വീട് വച്ചുകൊടുത്തു. എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷമുള്ള വിദ്യാഭ്യാസ ചെലവുകൾ വഹിക്കുന്നതിനും സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുമുള്ള തീരുമാനം 28-11-1995-ൽ ഉത്തരവായിരുന്നു. പിന്നീട് പെരുംപാല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ശ്രീജയുടെ മാതാപിതാക്കൾ ലോണെടുത്ത വകയിൽ ഉണ്ടായിരുന്ന 5,420 രൂപ ബാദ്ധ്യത തീർത്തു. സർക്കാർ സർവ്വീസിൽ ജോലിയും നല്കി.

(ബി) ഉണ്ട്.

(സി) വീടിന് ചുറ്റുമതിൽ നിർമ്മിച്ചു നൽകണമെന്ന ആവശ്യം സർക്കാർ നിരാകരിച്ചിരുന്നു. 9-3-1999-ൽ സർക്കാർ സർവ്വീസിൽ ജോലി നൽകിയതോടെ ദത്ത് അവസാനിച്ചു. എങ്കിലും ചുറ്റുമതിൽ നിർമ്മിക്കണമെന്ന ഒരു നിർദ്ദേശം വീണ്ടും ജില്ലാ കളക്ടറിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചതിനുശേഷം വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

നെടുമങ്ങാട് ഗുമസ്തൻ കോളനിയിലെ ശ്രീമതി വസന്തയ്ക്ക് ധനസഹായം

70 (2094) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ സത്തഗർ ചിത്രവിലാസം ഗുമസ്തൻ കോളനിയിൽ താമസിക്കുന്ന ശ്രീമതി വസന്ത-മരിച്ചവരുടെ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായത്തിന് 1998 ഒക്ടോബർ മാസത്തിൽ താലൂക്ക് ഓഫീസിൽ അപേക്ഷ നല്കിയിരുന്നുവോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ധനസഹായം നൽകാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇവർക്ക് ധനസഹായം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ കുടുംബക്ഷേമപദ്ധതി പ്രകാരം ധനസഹായം ലഭിക്കുവാൻ ശ്രീമതി വസന്ത നെടുമങ്ങാട് താലൂക്ക് ഓഫീസിൽ അപേക്ഷ നല്കിയിരുന്നു. അപേക്ഷയിൽമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ അഭാവത്താലാണ് ധനസഹായം നല്കുവാൻ കഴിയാത്തത്.

(സി) ഫണ്ട് ലഭിച്ചാലുടൻതന്നെ ധനസഹായം നല്കുന്നതാണ്.

കാലവർഷക്കെടുതിയെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവർ

71 (2095) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിക്ക് ഇരയായ എത്ര കുടുംബങ്ങളെ 2000 ജൂൺ മാസത്തിനുശേഷം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട് ;

(ബി) കൊല്ലം ജില്ലയിൽ കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2000 ജൂൺ മാസത്തിൽ 21 ദുരിതാശ്വാസ ക്യാമ്പുകളിലായി 10,987 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ടായിരുന്നു. ജൂൺ മാസത്തിനുശേഷം ആരെയും മാറ്റിപ്പാർപ്പിച്ചിട്ടില്ല.

(ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ ഇരവിപുരം, മുണ്ടയ്ക്കൽ, മയ്യനാട്, കോട്ടപ്പുറം, പരവൂർ, ശക്തികുളങ്ങര, വെസ്റ്റ് കൊല്ലം എന്നീ സ്ഥലങ്ങളും, കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, പൽമന എന്നീ സ്ഥലങ്ങളും കടലാക്രമണഭീഷണി നേരിടുന്നു.

സീതത്തോട് ഉരുൾപൊട്ടലിൽ സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം നൽകാൻ നടപടി

72 (2097) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുപേർ മരണപ്പെട്ട സീതത്തോട് ഉരുൾപൊട്ടൽ നടന്നിട്ട് എത്രവർഷമായി ;

(ബി) ഇവിടെ വീടും ഭൂമിയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് സ്ഥലം നൽകാൻ തീരുമാനിച്ചത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്രപേർക്ക് ഭൂമി നൽകി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly